**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2635** **24-06-2024 - ൽ മറുപടിയ്ക്ക്**

**സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഇലക്ട്രിക് പോസ്റ്റുകളും അനുബന്ധ വസ്തുക്കളും ആവശ്യമായി വരുമ്പോൾ അവ സൗജന്യമായോ ഇളവുകളോടെയോ അനുവദിക്കുന്നതിന് കെ.എസ്.ഇ.ബി.യ്ക്ക് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ. എസ്. ഇ. ബി. എൽ - ന് പദ്ധതി നിലവിലുണ്ട്. 1000 വാട്ട് വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്. ഇ.ബി.എൽ - ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വരുന്നു. |
| (ബി) | ലൈഫ് പദ്ധതി പ്രകാരവും സന്നദ്ധ സംഘടനകളും മറ്റും മുഖേനെയും വീട് നിർമ്മിച്ച് നൽകുമ്പോൾ പ്രസ്തുത വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിൽ എന്തെങ്കിലും ഇളവുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ. എസ്. ഇ. ബി. എൽ - ന് പദ്ധതി നിലവിലുണ്ട്. 1000 വാട്ട് വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്. ഇ.ബി.എൽ - ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ